എഞ്ചിനീയറിംഗ്, മെഡിക്കൽ എൻട്രൻസ് പരീക്ഷകളുടെ നടത്തിപ്പിനെക്കുറിച്ച് പരാതി

6 (*126) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടത്തിവരുന്ന എഞ്ചിനീയറിംഗ് മെഡിക്കൽ എൻട്രൻസ് പരീക്ഷകളുടെ നടത്തിപ്പിനെക്കുറിച്ച് വ്യാപകമായ പരാതികൾ ഉയർന്നവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ കാരണങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(സി) എൻട്രൻസ് പരീക്ഷാ നടത്തിപ്പിന്റെ നിലവിലുള്ള സംവിധാനങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) :

(എ) എഞ്ചിനീയറിംഗ്/മെഡിക്കൽ എൻട്രൻസ് പരീക്ഷകളുടെ നടത്തിപ്പിനെക്കുറിച്ച് പരാതികൾ ഒന്നും ലഭിച്ചിട്ടില്ല. എന്നാൽ ചോദ്യപേപ്പറുകളെ സംബന്ധിക്കുന്ന ചില പരാതികൾ വിദ്യാർത്ഥികളിൽ നിന്നും രക്ഷിതാക്കളിൽ നിന്നും ലഭിച്ചിട്ടുണ്ട്. മാധ്യമങ്ങളിൽ വന്ന ചില വാർത്തകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മുൻ ഉത്തരവിന്റെ വെളിച്ചത്തിൽ ബാധകമല്ല.

(സി) തത്ക്കാലം ആലോചനയില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

മൈത്രി ഭവന നിർമ്മാണ പദ്ധതിപ്രകാരം നൽകിയ വായ്പ

7 (*127) ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. ജി. പ്രതാപവർമ്മതമ്പാൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസർക്കാരിന്റെ കാലത്ത് മൈത്രി ഭവന പദ്ധതി പ്രകാരം എത്ര തുകയാണ് വായ്പ നൽകിയത് ;

(ബി) പ്രസ്തുത കാലയളവിൽ ഈയിനത്തിൽ കൂടുതൽ തുക ചെലവഴിക്കാൻ കഴിയാതെ വന്നതെന്തുകൊണ്ടാണ് ;

(സി) ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ ഈയിനത്തിൽ എത്ര തുക വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly